"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2024-25 - കെ.എസ്.ആർ.ടി.സി.യിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് നടപ്പാക്കലും എന്ന പദ്ധതിക്ക് ഒരു കോടി രൂപ റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.139/2025/TRANS തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.122/2025/TRANS തീയതി 17.03.2025.
2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 18.03.2025-ലെ ബഡ്.1/043832/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

Total Computerization and e -Governance in KSRTC എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ ഒരു കോടി രൂപ 'സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് നടപ്പാക്കലും' എന്ന പദ്ധതിക്ക് 5055-00-190-99 (02) (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്ന് കെ.എസ്.ആർ.ടി.സി., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി.യിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് നടപ്പാക്കലും എന്ന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിച്ചയിനത്തിൽ വിവിധ കമ്പനികൾക്കുള്ള കുടിശ്ശിക അനുവദിക്കുന്നതിനായി 2024-25-ലെ വിഹിതത്തിൽ നിന്നും 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) 5055-00-190-99 (02) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും, പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരിക്കുന്ന ഉദ്ദേശ്യത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും തുക വകമാറ്റാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ 799012700002234 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധനകാര്യ (പി.യു.-എ) വകുപ്പ്
(22/03/2025 തീയതിലെ നം. 2650629/PU-A2/59/2023-FIN-Part(2) പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 3079383)

ഉത്തരവിൻ പ്രകാരം,
Signed by
Biju N
Date: 24-03-2025 10:43:13
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.